(സി) ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെ സ്ഥിര നിക്ഷേപം സമയബന്ധിതമായി തിരിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് ട്രഷറി നിയന്ത്രണത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രത്യേക അനുമതി നൽകി വരുന്നുണ്ട്.

നൂറനാട്ട് 'വൺമാൻ ട്രഷറി' സബ് ട്രഷറിയായി ഉയർത്തുന്നതിന് നടപടി

29 (1082) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട്ട് പ്രവർത്തിക്കുന്ന 'വൺമാൻ ട്രഷറി' സബ് ട്രഷറിയായി ഉയർത്തുന്നതിന് ബഡ്ജറ്റിൽ പ്രൊപ്പോസൽ ഉണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ആലപ്പുഴ ജില്ലയിൽ നൂറനാട്ട് സബ് ട്രഷറി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) നിലവിലുള്ള 'വൺമാൻ ട്രഷറി' സബ് ട്രഷറിയായി ഉയർത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രൊപ്പോസൽ ഇല്ല.

(ബി & സി) പുതിയ ട്രഷറികളിൽ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഭാഗ്യക്കുറി വകുപ്പിന് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി

30 (1083) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ തസ്തിക വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഭാഗ്യക്കുറി വകുപ്പിന് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) ഭാഗ്യക്കുറി വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതൽ ; ഇതുവരെ ഇക്കാര്യത്തിൽ എടുത്ത നടപടി എന്താണെന്ന് വിശദമാക്കാമോ ;

(ഇ) സ്പെഷ്യൽ റൂൾസ് ഭേദഗതിക്കായി സർക്കാരിന്റെ പരിഗണനയിലിരിക്കെ ഫയൽ ഡി. പി. സി. യോഗം ചേർന്ന് ഈ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly